# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

Web Edition Only

2007 ആഗസ്റ്റ് 2


# കങ്ങഴ ആശുപത്രിയിൽ എന്തു സംഭവിക്കുന്നു

**കെ. ഇ. മാമ്മൻ കണ്ടത്തിൽ** (മുൻ മാനേജിംഗ് കമ്മറ്റി അംഗം)

മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിമാനമായി ഒരുകാലത്ത് അറിയപ്പെട്ടിരുന്ന കങ്ങഴ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെമ്മോറിയൽ (എം. ജി. ഡി. എം.) ആശുപത്രിയുടെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് സഭാനേതൃത്വം അജ്ഞത നടിക്കുന്നതിൽ ഖേദമുണ്ട്. സഭയുടെ പേരിൽ ആയിരുന്നതുകൊണ്ടുമാത്രം വിദേശത്തുനിന്നും കോടികൾ ലഭിക്കുകയും ഇതര അനുബന്ധ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്ത മഹത്തായ ഈ സ്ഥാപനം ഇപ്പോൾ ഒരു വ്യക്തിയുടെയും കുടുംബത്തിന്റെയും ധനാഗമമാർഗ്ഗമായിത്തീർന്നുകഴിഞ്ഞു. ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയുടെ കാലശേഷം സഭയുടെ ഒരു പ്രതിനിധി ആശുപത്രി കമ്മറ്റിയിൽ ഉണ്ടായിട്ടില്ല. സ്ഥാപകമാനേജിംഗ് ട്രസ്റ്റി പി. ഗീവറുഗീസ് ട്രസ്റ്റ് ബോർഡ് രൂപീകരിച്ചപ്പോൾ ഉണ്ടായിരുന്ന അംഗങ്ങളിൽ മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യുവും ഗീവറുഗീസിന്റെ സഹോദരൻ തോമസ് പോളും രാജിവച്ചു. ശേഷിച്ച കമ്മറ്റിയംഗങ്ങളിൽ ഒരാൾ ഒഴികെ മറ്റുള്ളവർ എല്ലാവരും തന്നെ മരിച്ചുപോയി. ഇനിയും ശേഷിക്കുന്ന സ്ഥാപകാംഗം റിട്ട. ഹെഡ്മാസ്റ്റർ സി. യു. മാത്യു മാത്രമാണ്. ബാവാ തിരുമേനിയുടെ അറിവോ അനുവാദമോ കൂടാതെ സ്നേഹിതരെയും സ്വന്തക്കാരെയും മാത്രം ചേർത്ത് മാനേജിംഗ് ട്രസ്റ്റി, ബോർഡ് പുതുക്കി സ്വന്തം ഇഷ്ടപ്രകാരം ഭരണം നടത്തിവരുന്നു. ബാങ്കുകളിൽനിന്നും വാങ്ങുന്ന കടത്തെ സംബന്ധിച്ചോ വിദേശ ധനസഹായത്തെക്കുറിച്ചോ വിദ്യാഭ്യാസസ്ഥാപനങ്ങൾ മുഖാന്തിരം ലഭിക്കുന്ന വൻ തുകകളെക്കുറിച്ചോ സഭാനേതൃത്വം അന്വേഷിച്ചിട്ടുണ്ടോ? നേഴ്സിംഗ് വിദ്യാർത്ഥികളിൽനിന്ന് ലഭിക്കുന്ന ലക്ഷക്കണക്കായ തലവരിപ്പണം എവിടെ പോയിയെന്ന് സഭാധികാരികൾക്ക് അറിയാമോ? വകുപ്പു മേധാവികളായിരുന്ന പ്രധാനപ്പെട്ട ഡോക്ടർമാർ ഉൾപ്പെടെയുള്ള ഡോക്ടർമാർ പലരും രാജിവെച്ച് പോയിട്ടുണ്ട്. ജോലി ചെയ്യുന്നവർക്ക് കൃത്യമായി ശമ്പളം കൊടുക്കുന്നില്ല. നാട്ടുകാർ ബാവാ തിരുമേനിക്ക് ഒരു മെമ്മോറാണ്ടം കൊടുത്തെങ്കിലും ഒരു നടപടിയും ഉണ്ടായില്ല. 1993-ൽ അന്നത്തെ സുന്നഹദോസ് നിയമിച്ച കമ്മറ്റി ആശുപത്രി സന്ദർശിച്ച് ഉടമസ്ഥാവകാശം സംശയലേശമെന്യേ മലങ്കരസഭയുടേതാണെന്നുള്ള റിപ്പോർട്ട് തയാറാക്കിയെങ്കിലും റിപ്പോർട്ട് വെളിച്ചം കണ്ടില്ല. നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് (ഇപ്പോഴത്തെ കാതോലിക്കാ ബാവാ) പ്രസിഡന്റും സിനഡ് സെക്രട്ടറി തോമസ് മാർ അത്താനാസിയോസ് (ചെങ്ങന്നൂർ) കൺവീനറും ഗീവറുഗീസ് മാർ ഈവാനിയോസ് അംഗവുമായിരുന്ന കമ്മറ്റി റിപ്പോർട്ട് പൊടികളഞ്ഞ് എടുത്ത് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പരി. സുന്നഹദോസിനോടും മാനേജിംഗ് കമ്മറ്റിയോടും പ്രത്യേകിച്ച് സമുദായ സെക്രട്ടറിയോടും അഭ്യർത്ഥിക്കുന്നു.

(2007 ജൂലൈ ലക്കം ചർച്ച് വീക്ക്‌ലിയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി അന്നത്തെ സഭാനേതൃത്വവുമായി തെറ്റിപ്പിരിഞ്ഞ് രാജി വച്ചപ്പോൾ സഭയിലെ അഴിമതികളെക്കുറിച്ച് തയ്യാറാക്കി സുന്നഹദോസ് അംഗങ്ങൾക്ക് അയച്ച 14 പേജ് കത്തിലും കങ്ങഴ ആശുപത്രിയിലെ അഴിമതികളെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിരുന്നു **- എഡിറ്റർ**

# ദേവലോകം വിശേഷങ്ങൾ...

## നസ്രാണി

കഴിഞ്ഞ ദിവസം നസ്രാണി ദേവലോകം സന്ദർശിക്കുകയുണ്ടായി. ഇടയ്ക്കൊക്കെ പോകുന്നതാണെങ്കിലും ആവശ്യം കഴിഞ്ഞ് പെട്ടെന്നു പോരുകയാണ് പതിവ്. പക്ഷേ അന്ന് രാവിലെ 10.30 മുതൽ 4 മണി വരെ ദേവലോകത്തു കഴിയേണ്ടതായി വന്നു (ഉച്ചയ്ക്ക് മാനേജർ വിളിച്ച് ഊണു തന്നു. ബാവായുടെ ഓഫീസിൽ ദൂരെ നിന്നെങ്ങോ വന്ന ഒരു കുടുംബത്തെയും മാനേജർ വിളിച്ചുകൊണ്ടുപോയി ഊണു കൊടുത്തു. ഭാഗ്യം) കൺമുമ്പിൽ കണ്ട ദേവലോകം വിശേഷങ്ങളിൽ ചിലത് കേൾക്കുക.

### പ. പിതാവ് താമസം പഴയ അരമനക്കെട്ടിടത്തിലേക്ക് മാറ്റി

വാർദ്ധക്യസഹജമായ അസുഖം മൂലവും അടുത്തയിടെ ഉണ്ടായ പക്ഷാഘാതം മൂലവും ചികിത്സയിൽ കഴിയുന്ന പ. പിതാവ് താമസം പഴയ അരമനകെട്ടിടത്തിലേക്ക് മാറ്റി. അരമനക്കെട്ടിടത്തിന്റെ വലത്തെയറ്റത്തെ പള്ളിയോട് അടുത്തുള്ള മുറിയിലാണ് പ. പിതാവ് ഇപ്പോൾ താമസിക്കുന്നത്. അരമനക്കെട്ടിടത്തിന്റെ ഇടത്തെയറ്റത്ത് പഴയ മാനേജരുടെ മുറിയുടെ തൊട്ടടുത്തുള്ള മുറികൾ പ. പിതാവിന്റെ ശെമ്മാശന്മാർക്കായി തയാറാക്കിക്കൊണ്ടിരിക്കുകയാണെന്ന് അരമന മാനേജർ ക്രിസ്റ്റഫോറസ് റമ്പാൻ പറഞ്ഞു.

### സഭാ സെക്രട്ടറിയേറ്റ് പണി

സഭാ സെക്രട്ടറിയേറ്റ് കെട്ടിടത്തിന്റെ പണി ഏറെക്കാലമായി മുടങ്ങിക്കിടക്കുകയാണ്. ഭിത്തി തേപ്പ്, ടൈൽസ് ഇടീൽ തുടങ്ങിയ അവസാനഘട്ട പണികൾ ചെയ്താൽ ഉപയോഗിക്കാൻ

കഴിയുന്ന കെട്ടിടം അനാഥപ്രേതം കണക്കെ പുല്ലും കാടും കയറി നോക്കുകുത്തിയായി നിൽക്കുന്നു. പുതിയ അരമന മാനേജരോട് കെട്ടിടം പണിയെക്കുറിച്ച് തിരക്കിയിട്ട് അദ്ദേഹത്തിന് ഒന്നും അറിയാൻ വയ്യ എന്നു പറഞ്ഞു. അരമനയിൽ കറണ്ടു പോയാൽ മണ്ണെണ്ണ വിളക്കു കത്തിക്കുന്നതിനു പകരം ഒരു ജനറേറ്റർ വാങ്ങാൻ പൈസ അനുവദിപ്പിക്കുവാൻ താൻ പെടുന്ന കഷ്ടപ്പാടുകൾ അദ്ദേഹം വിസ്തരിച്ചു. ഒരു പ്രമുഖ വർക്കിംഗ് കമ്മറ്റിയംഗം, ബാവായുടെയും നിയുക്തന്റെയും മുറിയിൽ ഓരോ ഇൻവർട്ടർ മേടിച്ചു വച്ചാൽ പോരേ എന്നു വർക്കിംഗ് കമ്മറ്റിയിൽ ചോദിച്ചത്രേ. മണ്ണെണ്ണ വിളക്കു വീട്ടിൽ കത്തിക്കുന്നവരാരും വർക്കിംഗ് കമ്മറ്റിയിൽ ഇല്ലാത്തതുകൊണ്ട് മാനേജരുടെ വിഷമം അവർക്കറിയില്ലല്ലോ.

(തുടരും)

# സെന്റ് തോമസ് ഡേ (ജൂലൈ 3)

**– ജോർജ്, ആലപ്പുഴ**

മലങ്കര ഓർത്തഡോക്സ് സഭയുടെ കാവൽപിതാവും, ഭാരതത്തിന്റെ അപ്പോസ്തോലനുമായ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ സഭയിൽ തോമ്മാശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ ജൂലൈ മൂന്നിനാണല്ലോ കൊണ്ടാടുന്നത്. ഇന്ത്യയിലുള്ള സുറിയാനി സഭകളും ഈ ദിവസം ദുഖ്റോനോയ്ക്ക് കുർബാന അർപ്പിക്കുന്നുണ്ട്. നമ്മുടെ സഭയിൽ ചില വൈദികർ ജൂലൈ 3-ന് കുർബാന അർപ്പിക്കുന്നതിന് വിമുഖത കാട്ടുന്നതായി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഓർത്തഡോക്സ് സഭാ കലണ്ടറിലും ജൂലൈ 3 -ന് സെന്റ് തോമസ് ദിനം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സഭാനേതൃത്വം എല്ലാ ഇടവകപ്പള്ളികൾക്കും വേണ്ട നിർദ്ദേശം നല്കി ദുഖ്റോനോയ്ക്ക് കുർബാന മുടക്കാതെ ശ്രദ്ധിക്കണം എന്ന് ആവശ്യപ്പെടുന്നു. വരും തലമുറയ്ക്ക് ഇത് അനുഗ്രഹമായിരിക്കും.

# *ചിക്കൻഗുനിയ* ബാധിച്ച സഭ

**– കുഞ്ഞെറുക്കൻ**

ഐക്കൺ എന്ന ഇന്റർനെറ്റ് ഫോറം പ്രവർത്തകർ ചിക്കൻ ഗുനിയ ബാധിച്ച സമൂഹത്തിന് സഭയുടെ കൈത്താങ്ങൽ നൽകണമെന്ന് ആവശ്യപ്പെട്ടപ്പോൾ, എന്തൊക്കെ ചെയ്യാൻ പറ്റുമെന്ന് എഴുതിക്കൊടുക്കാൻ പറഞ്ഞു. അതനുസരിച്ച് എഴുതിക്കൊടുത്ത മൂന്നു പേജ് നിർദ്ദേശങ്ങളിൽ വർക്കിംഗ് കമ്മിറ്റി സ്വീകരിച്ചത് മൂന്നു നിർദ്ദേശങ്ങൾ മാത്രം. അത് നടപ്പാക്കിയതോ ആർക്കാനും വേണ്ടി ഓക്കാനിക്കുന്ന മട്ടിലും. മെഡിക്കൽ ക്യാമ്പുകളുടെ ഉദ്ഘാടനത്തിന് ബാനറു കെട്ടാനും മരുന്നു ചുമക്കാനും സഭാ സെക്രട്ടറിയേ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തെ വിമർശിക്കുന്നവരുടെ കൂട്ടത്തിൽപെട്ട ഒരാളാണെങ്കിലും അത് കണ്ടപ്പോൾ സങ്കടം തോന്നിപ്പോയി. ഇച്ചിരിച്ചേ വീതം മരുന്ന് എല്ലാ ക്യാമ്പിലേക്കും കൊടുത്തുവിട്ടു. മരുന്ന് തികയാതെ ക്യാമ്പിൽ അടിയുണ്ടാകാനുള്ള സാദ്ധ്യതയെക്കുറിച്ച് ഒരച്ചൻ പിറുപിറുക്കുന്നത് കേട്ടു. പിറ്റേദിവസം രാവിലെ പത്രമെടുത്തു നോക്കിയപ്പോൾ മാർ ഏലിയാ കത്തീഡ്രലിൽ ഉപവാസ പ്രാർത്ഥന നടക്കുന്നു എന്ന് *ഇന്നത്തെ പരിപാടി*യിൽ കണ്ട് അവിടെ ചെന്നപ്പോൾ ആകെ നൂറോളം പേരുണ്ട്. കോട്ടയം ഭദ്രാസനാസ്ഥാനത്തിന് തൊട്ടായിരുന്നിട്ടും മെത്രാച്ചനെ ആ വഴിക്ക് കണ്ടില്ല. സഭയുടെ പി. ആർ. ഒ. ഭരിക്കുന്ന പള്ളിയാണ്. പത്രത്തിൽ രണ്ടു ദിവസം മുമ്പ് നല്ലൊരു വാർത്ത കൊടുക്കാൻ പോലും അറിയാത്ത ഇങ്ങേരെയൊക്കെ ആരാണ് പി. ആർ. ഒ. ആക്കിയതെന്ന് ആരും ചോദിച്ചു പോകും.

**വാൽക്കഷണം:** വർക്കിംഗ് കമ്മിറ്റി കഴിഞ്ഞ് പിറ്റേദിവസം പകർച്ചപ്പനിബാധിതർക്ക് ഓർത്തഡോക്സ് സഭ സഹായമെത്തിക്കുന്നു എന്ന വാർത്ത വന്നു (വാർത്ത കൊടുത്തത് സെക്രട്ടറി ആയിരിക്കണം. പി. ആർ. ഒ. യോട് വൈദികട്രസ്റ്റി വാർത്ത കൊടുക്കാൻ പറഞ്ഞപ്പോൾ സെക്രട്ടറി കൊടുത്തോളുമെന്ന് പറഞ്ഞ് അങ്ങേര് മുങ്ങിയിരുന്നു). കാര്യങ്ങൾ നടപ്പാക്കാൻ ഒരു ടാസ്ക് ഫോഴ്സിനെ നിയമിച്ചതായി വാർത്തയിലുണ്ടായിരുന്നു. മൂന്നാഴ്ച കഴിഞ്ഞിട്ടും ഒന്നും നടക്കുന്നില്ല എന്നു കണ്ട് സെക്രട്ടറിയെ വിളിച്ചപ്പോളാണ് ടാസ്ക് ഫോഴ്സ് കേസ് നടത്താനുള്ളതാണെന്നും ചിക്കൻഗുനിയയുമായി ബന്ധപ്പെട്ടതല്ലെന്നും വാർത്ത വന്നതിലെ തെറ്റാണെന്നും മനസ്സിലായത്. ചിക്കൻഗുനിയയ്ക്കെതിരെ ബന്ദ് നടത്തുമെന്ന് *കുഞ്ഞൂഞ്ഞ്* നടത്തിയ പ്രസ്താവനയിലും കഷ്ടമായിപ്പോയി ഇത്.



മുണ്ടും മടക്കിക്കുത്തി സെക്രട്ടറി തന്നെ ഇറങ്ങണം എല്ലാറ്റിനും. ഒടുവിൽ അൽമായവേദിക്കാരുടെ വിമർശനം മിച്ചവും.



**ദുരന്തങ്ങളൊക്കെ മലവെള്ളപ്പാച്ചിൽ പോലെ ദിവസവും വരുന്നുണ്ട്. എന്നിട്ടും ഉപവസിക്കാനും പ്രാർത്ഥിക്കാനും ആരുമില്ല. ഏലിയാ കത്തീഡ്രലിലെ ഉപവാസ പ്രാർത്ഥന. സ്ത്രീകളെത്ര പേരുണ്ടായിരുന്നു എന്ന് ഈ ഫോട്ടോയിലെ ആൾക്കാരെ എണ്ണിയാലറിയാം. ആ സംഖ്യയുടെ പകുതി പുരുഷന്മാരുമുണ്ടെന്ന് കണക്കാക്കി കൂട്ടിയാൽ ആകെ എത്തിയവരുടെ എണ്ണമാകും.**


നേരറിയാൻ....

**മലങ്കര ഓർത്തഡോക്സ് ടിവി**

സന്ദർശിച്ചുകൊണ്ടിരിക്കുക

**www.malankaraorthodox.tv/**

**ഔഗേൻ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കബറടക്കത്തിന്റെ വീഡിയോ ദൃശ്യങ്ങൾ ഡൗൺലോഡ് ചെയ്ത് കാണുവാനുള്ള സൗകര്യം ഇപ്പോൾ ലഭ്യമാണ്.**



**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi (Reg. No. K 713/2005), PB No. 652, Kottayam     Editor: Shelly John**